DESPATCHED
On..18/10/22...



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 1231(1)/2022/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
(ഫയൽ നമ്പർ: 8871/SIC-G4/2022)
(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
**തീയതി : 2022 ഒക്ടോബർ 14**

ശ്രീമതി ടി.കെ. വാസന്തി,
പൂളത്തിൽ - ലക്ഷ്മിനാരായണ
കുട്ടോത്ത്, പി.ഒ. കീഴൽ,
വഴി വടകര-4, കോഴിക്കോട്. — അപ്പീൽ ഹർജിക്കാരി

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ
കാര്യാലയം, കെ.എസ്.ഇ.ബി.,
ഇലക്ട്രിക്കൽ സബ് ഡിവിഷൻ, പേരാമ്പ്ര-673525.

2) അപ്പീൽ അധികാരി & എക്സിക്യൂട്ടീവ് എഞ്ചിനീയർ,
എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,
കെ.എസ്.ഇ.ബി., ഇലക്ട്രിക്കൽ ഡിവിഷൻ,
നാദാപുരം. — എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 09/04/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 28/04/2022 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 10/05/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 10/06/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 14/06/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 25/06/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 16/07/2022 |
| ഹിയറിംഗ് നടന്ന തീയതി | 12/10/2022 -വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി:<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

ശ്രീമതി ടി.കെ.വാസന്തി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട യാതൊരു വിവരവും രേഖകളും ലഭ്യമാക്കാൻ പി.ഐ.ഒ. ശ്രമിച്ചിട്ടില്ലെന്നും അപേക്ഷകയെ തെറ്റിദ്ധരിപ്പിക്കാൻ വേണ്ടി മന:പൂർവ്വം ഒരു ഫോട്ടോകോപ്പി പരിപത്രം യഥാവിധി സാക്ഷ്യപ്പെടുത്താതെ മറുപടിക്കൊപ്പം നൽകി എന്നും ഒന്നാം അപ്പീൽ

അധികാരിയുടെ പേരുവിവരങ്ങൾ ആവശ്യപ്പെട്ടിട്ടും പി.ഐ.ഒ. മറുപടിയിൽ രേഖപ്പെടുത്തിയിട്ടില്ലെന്നും ആയതിനാൽ അതേ മേൽവിലാസത്തിലാണ് ഒന്നാം അപ്പീൽ രജിസ്റ്റേർഡ് പോസ്റ്റായി നൽകിയിരുന്നതെന്നും ഒന്നാം അപ്പീൽ അപേക്ഷ പി.ഐ.ഒ. റീ-ഡയറക്ട് ബന്ധപ്പെട്ട നാദാപുരം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകാതെ പോസ്റ്റൽ കവർ പൊളിച്ചു അപേക്ഷകന് തിരിച്ചയക്കുകയായിരുന്നു എന്നുമാണ്. ആയതിനാൽ ടിയാന്റെ 9.4.2022 തീയതിയിലെ വിവരാവകാശ അപേക്ഷ പരിഗണിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 09.04.2022-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. 8.11.2021 -- DB 11/ADM Report/2021-22/401 നമ്പറായി പേരാമ്പ്ര അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് DB/General/2021-22/143/PBA-N/01-11-2021 ന്റെ പകർപ്പ്

ii. മേൽപ്പടി രണ്ടു റിപ്പോർട്ടുകളും നൽകിയിട്ടുള്ള എഞ്ചിനീയർമാരുടെ സ്വന്തം പേരും നിലവിലുള്ള വീട്ടുമേൽവിലാസവും ലഭ്യമാക്കി നൽകണമെന്നും

iii. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ടിൽ വിവരിച്ചിരിക്കുന്ന 'പരാതിക്കാരിയായ ടി.കെ.വാസന്തി അവരുടെ ഭർത്താവായ വിജയൻ എന്നവരുടെ പേരിലുള്ള വൈദ്യുതി കണക്ഷൻ (കൺസ്യൂമർ 1167785007497) നൽകിയിരിക്കുന്നത് ടി.കെ.വാസന്തി, ദാസൻ പൊയിൽമീത്തൽ (കൺസ്യൂമർ 1167785007496) എന്നവരുടെ പറമ്പിൽ കൂടി ഒരു സ്പാൻ ഓവർ ഹെഡ്ലൈൻ വലിച്ചിട്ടാണ്' ഈ പ്രസ്താവന തെളിയിക്കാൻ പര്യാപ്തമായ താഴെ പറയുന്ന രേഖകൾ ലഭ്യമാക്കണമെന്നും

(എ) ശ്രീ. വിജയൻ എന്നയാൾക്ക് കെ.എസ്.ഇ.ബി. വൈദ്യുതി കണക്ഷൻ നൽകിയ തീയതി

(ബി) ശ്രീ. വിജയൻ എന്നയാൾ വൈദ്യുതി കണക്ഷനുവേണ്ടി അപേക്ഷ നൽകിയതിന്റെ പകർപ്പ്

(സി) കണക്ഷൻ സംബന്ധമായി ശ്രീ. വിജയൻ എന്നയാൾ പണം അടച്ചതിന്റെ വിശദവിവരങ്ങൾ നൽകണമന്നും മറ്റുമായി 4 ഇനങ്ങളിലും ഉപയിനങ്ങളിലുമായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 28.04.2022 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ടിയാൻ ആവശ്യപ്പെട്ട 1 മുതൽ 4 വരെയുള്ള ചോദ്യങ്ങൾക്ക്

മറുപടി നൽകുവാനുള്ള വിവരങ്ങൾ ടി ഓഫീസിൽ ഇല്ലെന്നും പേരാമ്പ്ര നോർത്ത് ഇലക്ട്രിക്കൽ സെക്ഷനിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസറാണ് പ്രസ്തുത വിവരങ്ങൾ നൽകേണ്ടതെന്നും പ്രസ്തുത പൊതു അധികാരിക്ക് അപേക്ഷ നൽകേണ്ടതാണെന്നുമാണ്. മേൽപ്പടി അറിയിപ്പിനെതിരെ ഹർജിക്കാരൻ അതേ ഓഫീസിലെ അപ്പീൽ അധികാരി മുമ്പാകെ 10.5.2022-ന് സമർപ്പിച്ച അപ്പീലിൽ വിവരാവകാശനിയമം 6(3) വകുപ്പ് പ്രകാരമുള്ള സമയപരിധിക്കകം പി.ഐ.ഒ. അപേക്ഷ ബന്ധപ്പെട്ട പി.ഐ.ഒ.യ്ക്ക് കൈമാറിയിട്ടില്ലെന്നും പേരാമ്പ്ര നോർത്ത് കെ.എസ്.ഇ.ബി. ഓഫീസും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസും ഒരേ കെട്ടിടത്തിലാണ് പ്രവൃത്തിച്ചു വരുന്നതെന്നും ആവശ്യപ്പെട്ട യാതൊരു വിവരങ്ങളും രേഖകളും ലഭ്യമാക്കിത്തരാൻ പി.ഐ.ഒ.ക്ക് കഴിഞ്ഞിട്ടില്ലെന്നും വിവരാവകാശ നിയമം 6(3) വകുപ്പ് പ്രകാരം ബന്ധപ്പെട്ട അധികാരിക്ക് അപേക്ഷ കൈമാറാൻ പി.ഐ.ഒ. ബാദ്ധ്യസ്ഥനാണെന്നും ഒന്നാം അപ്പീൽ അധികാരിയുടെ പേര്, മേൽവിലാസം മുതലായ വിവരങ്ങൾ പി.ഐ.ഒ. മറുപടിയിൽ നൽകിയിട്ടില്ലെന്നുമാണ്. 6.6.2022 തീയതി ഇലക്ട്രിക്കൽ സെക്ഷൻ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 14.07.2022-ന് സമർപ്പിച്ച റിപ്പോർട്ടിൽ അപേക്ഷയും ആയതിന് നൽകിയ മറുപടിയെ തുടർന്ന് 10.5.2022 തീയതി സമർപ്പിച്ച ഒന്നാം അപ്പീൽ ടി ഓഫീസിൽ ലഭിച്ചുവെന്നും വിവരാവകാശ അപേക്ഷ പരിശോധിച്ചതിൽ ഹർജിക്കാരി ആവശ്യപ്പെട്ടതായ യാതൊരു വിവരങ്ങളും രേഖകളും ടി ഓഫീസിൽ ലഭ്യമല്ലാത്തതിനാലാണ് ബന്ധപ്പെട്ട വിവരങ്ങൾ ലഭിക്കുവാൻ പേരാമ്പ്ര നോർത്ത് ഇലക്ട്രിക്കൽ സെക്ഷനിലെ പി.ഐ.ഒ.യെ ബന്ധപ്പെടണമെന്ന് അറിയിച്ചുകൊണ്ട് മറുപടി നൽകിയതെന്നും അപേക്ഷയിൽ ആവശ്യപ്പെട്ടതായ യാതൊരു വിവരവും നൽകുകയോ, നിരാകരിക്കുകയോ ചെയ്തിട്ടില്ലാത്തതിനാലാണ് മറുപടിയിൽ അപ്പീൽ അധികാരിയുടെ പേരും മേൽവിലാസവും മറ്റും ഉൾക്കൊള്ളിക്കാതിരുന്നിട്ടുള്ളതെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കാൻ പി.ഐ.ഒ. ശ്രമിച്ചില്ലെന്നും അവരെ തെറ്റിദ്ധരിപ്പിക്കുവാൻ വേണ്ടി സാക്ഷ്യപ്പെടുത്താത്ത ഒരു പരിപത്രത്തിന്റെ ഫോട്ടോ കോപ്പി മറുപടിയോടൊപ്പം അയച്ചു കൊടുക്കുകയാണുണ്ടായതെന്നും പറഞ്ഞിരിക്കുന്നത് ശരിയല്ലെന്നും യഥാർത്ഥത്തിൽ വിവരാവകാശ അപേക്ഷ പ്രകാരം ആവശ്യപ്പെട്ടതായ വിവരങ്ങൾ ഓഫീസിൽ ലഭ്യമല്ലെങ്കിൽ എന്താണ് ചെയ്യേണ്ടതെന്നും മറ്റും പ്രതിപാദിച്ചു സെക്രട്ടറി, കെ.എസ്.ഇ.ബി. ൽ നിന്നും കിട്ടിയ പരിപത്രത്തിന്റെ കോപ്പി ഹർജിക്കാരിയുടെ അറിവിലേക്കായി അയച്ചു കൊടുക്കുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നും ടിയാൻ കൊടുത്ത മറുപടിക്കെതിരെ ഒന്നാം അപ്പീൽ നൽകിയിരിക്കുന്നത് അവരുടെ ഭാഗത്ത്

നിന്നുള്ള തെറ്റായ നടപടിയാണെന്നും പി.ഐ.ഒ.യുടെ പേരും മേൽവിലാസവും എഴുതിയ കവർ പൊളിച്ചു പരിശോധിച്ചപ്പോൾ മാത്രമാണ് ആയത് അപ്പീലാണെന്ന് മനസ്സിലായതെന്നും അപ്പീൽ കാര്യത്തിൽ യാതൊരു തീരുമാനവും എടുത്തിട്ടില്ലാ എന്നും യഥാർത്ഥ അപ്പീൽ അധികാരി നാദാപുരം എക്സിക്യൂട്ടീവ് എഞ്ചിനീയറാണെന്ന് കാണിച്ചുകൊണ്ടുള്ള മറുപടി സഹിതം അപ്പീൽ തിരിച്ചയക്കുകയാണ് ചെയ്തതെന്നും ഹർജിക്കാരിയുടെ വിവരാവകാശ അപേക്ഷയ്ക്ക് പരിഹാരമുണ്ടാക്കുന്നതിനാണ് പേരാമ്പ്ര നോർത്ത് ഇലക്ട്രിക്കൽ സെക്ഷനിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് അയച്ചു കൊടുത്തിട്ടുള്ളതെന്നും തുടർന്ന് ടിയാൻ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ 6.6.2022-ന് ലഭ്യമാക്കി കൊടുത്തിട്ടുള്ളതുമാണെന്നും വിവരങ്ങൾ എല്ലാം ലഭിച്ചതിന് ശേഷമാണ് ഹർജിക്കാരി രണ്ടാം അപ്പീൽ ബോധിപ്പിച്ചിട്ടുള്ളതെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെയും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിന്റെയും അടിസ്ഥാനത്തിൽ ഒന്നാം എതിർകക്ഷിയ്ക്ക് വിവരാവകാശ നിയമത്തെ കുറിച്ച് പരിജ്ഞാനം കുറവാണെന്നു കാണുന്നു. സ്വന്തം പക്കൽ വിവരങ്ങൾ ലഭ്യമല്ലാതെ വരുമ്പോൾ അപേക്ഷ സ്വീകരിച്ച് 5 ദിവസത്തിനുള്ളിൽ വിവരാവകാശ നിയമം 6(3) വകുപ്പുപ്രകാരം വിവരങ്ങൾ ലഭ്യമാകാവുന്ന ഓഫീസിലെ എസ്.പി.ഐ.ഒ.ക്ക് അപേക്ഷ കൈമാറി അക്കാര്യം ഹർജിക്കാരിയെ അറിയിക്കേണ്ടതുമാണ്. അക്കാര്യം എസ്.പി.ഐ.ഒ. പാലിച്ചതായി കാണുന്നില്ല. ഇത് ടിയാന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയായി കമ്മീഷൻ കാണുന്നു. ആയതിനാൽ ഭാവിയിൽ വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ ഇക്കാര്യം കൂടുതൽ ശ്രദ്ധിക്കണമെന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയെ ഓർമ്മപ്പെടുത്തുന്നു. ഇലക്ട്രിക്കൽ കണക്ഷൻ/വൈദ്യുതികമ്പി മാറ്റി സ്ഥാപിക്കണമെന്ന ഹർജിക്കാരിയുടെ ആവശ്യം നിശ്ചിത തുക അടച്ച് ചെയ്യാവുന്നതാണെങ്കിലും ടിയാരി ആയതു ചെയ്തിട്ടില്ല. അതിനുപകരം വിവരാവകാശ അപേക്ഷ സമർപ്പിക്കുകയാണ് ഹർജിക്കാരി ചെയ്തതെന്ന് കമ്മീഷൻ മനസ്സിലാക്കുന്നു. പരാതി പരിഹാരം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഒക്ടോബർ മാസം 14-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി.

STATE INFORMATION COMMISSION • KERALA, THIRUVANANTHAPURAM •